LIBRARY ARCHIVES Kerala Legislative Assembly

വരന്തരപ്പിള്ളി പഞ്ചായത്തിലെ ചക്കാലക്കടവ് പാലം

359(3274) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ ചക്കാലക്കടവ് പാലം ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടി നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) എങ്കിൽ, അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ 28-2-2011-ലെ സ.ഉ (സാധാ) 388/2011/പൊ.മ.വ.പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട പാലത്തിന്റെ രൂപരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ.

വരന്തരപ്പിള്ളി പഞ്ചായത്തിലെ കാരിക്കംകടവ് പാലം നിർമ്മാണം

350(3275) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ കാരിക്കം കടവിൽ പാലം നിർമ്മിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവർത്തിക്ക് എന്ന് ഭരണാനുമതി നൽകാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട് .

(ബി&സി) മണ്ണ് പരിശോധന റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.